# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6382 21.11.2019 ൽ മറുപടിക്ക്**

## കെട്ടിടങ്ങളുടെ ഇലക്ട്രിക് പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. ജോയി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നതും, നിർമ്മാണം പൂർത്തിയാക്കിയതുമായ എത്ര കെട്ടിടങ്ങൾക്ക് ഇലക്ട്രിക് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ഫണ്ടിന്റെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ), തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നതും, നിർമ്മാണം പൂർത്തിയാക്കാത്തതുമായ കെട്ടിടങ്ങളിൽ, ഇലക്ട്രിക് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന്റെ ഫണ്ട് കുറവുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പോത്തൻകോട് മിനി സിവിൽ സ്റ്റേഷനിൽ ഇലക്ട്രിക് പ്രവൃത്തികൾക്കുള്ള ഫണ്ട് ഇല്ല.<br>2. ചിറയിൻകീഴ് താലൂക്ക് ഹോസ്പിറ്റലിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനും മെറ്റേണിറ്റി വിംഗിന് എയർകണ്ടീഷണർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമല്ല.<br>3. ആറ്റിങ്ങൽ താലൂക്ക് ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റിൽ ജനറേറ്ററും എയർകണ്ടീഷണറും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമല്ല.<br>4. വർക്കല താലൂക്ക് ഹോസ്പിറ്റലിൽ ജനറേറ്ററിനും ഡയാലിസിസ് യൂണിറ്റിൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിനും വേണ്ടി 16 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യത ആവശ്യമുണ്ട്. |

5. തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഇൻഫെർട്ടിലിറ്റി ബിൽഡിംഗിന് ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുളള ഫണ്ട് ലഭ്യമല്ല.
6. തിരുവനന്തപുരം തൈക്കാട് ഭക്ഷ്യസുരക്ഷാ വകുപ്പ് കെട്ടിടം - സിവിൽ നിർമ്മാണം നടന്നു വരുന്നു - ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുളള ഫണ്ട് ലഭ്യമല്ല.
7. ഗവൺമെന്റ് എച്ച്.എസ്.എസ് ഭരതന്നൂർ കെട്ടിടനിർമ്മാണം - ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുളള ഫണ്ട് ലഭ്യമല്ല.
8. നെടുമങ്ങാട് ഗവൺമെന്റ് കോളേജിലെ പുതിയ പി.ജി.ബ്ലോക്കിന്റെ നിർമ്മാണം - സിവിൽ പ്രവൃത്തികൾ പൂർത്തീകരണത്തിന് Phase II ആവശ്യമാണ്.
9. ഗവൺമെന്റ് എൽ.പി.എസ് ആറ്റുകാൽ - പുതിയ കെട്ടിട നിർമ്മാണം - സിവിൽ നിർമ്മാണം നടന്നു വരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുളള ഫണ്ട് ലഭ്യമല്ല.
10. അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി - ഗവൺമെന്റ് എച്ച്.എസ്.എസ് ചാല, സ്കൂളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ - ഇലക്ട്രിക്കലിന് ആവശ്യമായ ഫണ്ട് ലഭ്യമല്ല.

(ബി) വർക്കല മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാണോ; ഫണ്ട് ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ

(ബി) വർക്കല മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാകാത്ത പ്രവൃത്തികൾ ഉണ്ട്. ഫണ്ട് ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ താഴെ

| | |
|---|---|
| ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ചേർക്കുന്നു.<br>1. Construction of Payward block in Nature Cure Hospital, Varkala, Thiruvananthapuram – Phase -I.<br>2. Construction of Dialysis unit at Taluk Head Quarters Hospital, Varkala – Additional Electrification and Installation of A/c unit – Phase I -ൽ 8.50 ലക്ഷം രൂപയെ ലഭ്യമായിരുന്നുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിഫിക്കേഷനു വേണ്ടിയുള്ള എസ്റ്റിമേറ്റ് ഡിവിഷനിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ജനറേറ്ററിനും, ഡയാലിസിസ് യൂണിറ്റിൽ എ.സി. സ്ഥാപിക്കുന്നതിനും വേണ്ടി 16 ലക്ഷം രൂപയുടെ ഫണ്ട് ആവശ്യമുണ്ട്. |

**സെക്ഷൻ ഓഫീസർ**